# ജി. എൽ .പി .എസ്. ചെല്ലൂർ

# അക്കാദമിക് മാസ്റ്റർപ്ലാൻ

# 2025-26

# ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തിക്കൊണ്ട് സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന ലക്ഷ്യത്തിൽ ഊന്നിയാണ് ഈ പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യം വെച്ച കൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് എഴുത്ത് വായന എന്നിവ പരിപോഷിക്കുന്നതോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത് ഭാഷാ പഠനം പ്രവർത്തനങ്ങൾ കൂടുതൽ ആസ്വാദ്യകരവും ശിശു സൗഹൃദവും തുടർപ്രവർത്തന സാധ്യതയുള്ളതുമാണ് ഒന്നാം ക്ലാസിലെ മുഴുവൻ കുട്ടികളെയും മുന്നിൽകണ്ട് അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാൻ അനുയോജ്യമായ പ്രവർത്തനങ്ങളാണ് AMP യിൽ അവതരിപ്പിക്കുന്നത്.

## പ്രവർത്തന കലണ്ടർ

* പൂർണ്ണ പങ്കാളിത്ത CPTA

* ഒന്നൊരുക്കം

* വായനോത്സവം - ക്ലാസ് ഒരു വായനക്കൂട് , വീട് ഒരു വായനക്കൂട്( ജൂൺ മുതൽ മാർച്ച് വരെ

* കഥാവേള

* സംയുക്ത വിലയിരുത്തൽ ( ജൂൺ മുതൽ മാർച്ച് വരെ )

* സംയുക്ത ഡയറി( ജൂലൈ മുതൽ മാർച്ച് വരെ)

* പാട്ടരങ്ങ് ( ജൂൺ മുതൽ മാർച്ച് വരെ)

* റീഡേഴ്സ് തിയേറ്റർ( സെപ്റ്റംബർ മുതൽ മാർച്ച് വരെ)

* രചനോത്സവം - എന്റെ കഥ, ചിത്രകഥ( സെപ്റ്റംബർ മുതൽ മാർച്ച് വരെ)

## പ്രവർത്തന വിശദാംശങ്ങൾ

### 1 പരിപൂർണ്ണ പങ്കാളിത്ത CPTA

പ്രവേശനോത്സവത്തിന്റെ മുന്നോടിയായി CPTA നടത്താൻ തീരുമാനിച്ചു. സന്നദ്ധത പ്രവർത്തനങ്ങൾ പാഠപുസ്തക പരിചയപ്പെടുത്തൽ തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്യാൻ തീരുമാനിച്ചു.

### 2. ഒന്നൊരുക്കം

* വിദ്യാലയത്തിലേക്ക് കുട്ടികൾ താല്പര്യപൂർവ്വം എത്തിച്ചേരാൻ.
* ആശയവിനിമയ വൈമുഖ്യം പരിഹരിക്കാൻ
* കുട്ടിയുടെ താല്പര്യം മേഖല കണ്ടെത്താൻ
* വികാസമേഖലയിലെ വിടവുകൾ കണ്ടെത്താനും പരിഹരിക്കാനും.

ഇത്തരം ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് ഒന്നൊരൊക്ക പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

### 3. വായനോത്സവം

വായനോത്സവത്തിന്റെ ഭാഗമായി സംയുക്ത വായനയിൽ തുടങ്ങി ബാലസാഹിത്യകൃതികളുടെ വായനയിൽ അവസാനിക്കുന്ന പ്രവർത്തനങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

* കഥയുടെ ആശയം കുട്ടി തനിയെ വായിച്ച പറയുന്നു

* ക്ലാസ് പിടിഎയിൽ പുസ്തകം പരിചയപ്പെടുത്തി കുട്ടി കഥ വായിക്കുന്നു.

* CPTA യിൽ സംയുക്ത വിശകലനം വിലയിരുത്തുന്നു.

## 4 സംയുക്ത ഡയറി

ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും സ്വതന്ത്ര രചയിതാക്കളാക്കുക എന്നതാണ് സംയുക്ത ഡയറി എഴുത്തിന്റെ പൊതു ലക്ഷ്യം.

## ഉപലക്ഷ്യങ്ങൾ

* കുട്ടിയുടെ സ്വതന്ത്ര രചനശേഷി വികസിപ്പിക്കുക

* പരിചിത അക്ഷരങ്ങൾ പുതിയ രചന സന്ദർഭങ്ങളിൽ നിരന്തരം ഉപയോഗിക്കാൻ അവസരം ഒരുക്കുക.

* കുട്ടിയുടെ അനുഭവങ്ങളും ചിന്തകളും ആശയങ്ങളും പ്രതിദിനം ചിത്രസഹിതം ചെറുവാക്യങ്ങളിൽ രേഖപ്പെടുത്തുക

* ആശയ അവതരണ രീതിയുടെ ഉയർന്ന രൂപങ്ങളിൽ ഒന്നെന്ന നിലയിൽ സംയുക്ത എഴുത്തിനെ പ്രയോജനപ്പെടുത്തുകയും തനിച്ച് എഴുത്തിലേക്ക് വഴിയൊരുക്കുകയും ചെയ്യുക

## പ്രവർത്തന ഘട്ടങ്ങൾ

### ജൂലൈ

* ക്ലാസ് പിടിഎ യോഗം വിളിക്കൽ

  . പ്രവർത്തന പ്രക്രിയ ബോധ്യപ്പെടുത്തൽ

* മുൻവർഷത്തെ ഡയറികൾ

* ഡയറി മൂലം ഉണ്ടായ ഭാഷാപരമായ മുന്നേറ്റം വ്യക്തമാക്കൽ

* സംയുക്ത ഡയറിയുടെ പ്രക്രിയ സംബന്ധിച്ച് ചെറു കുറിപ്പ് എല്ലാ രക്ഷിതാക്കൾക്കും ലഭ്യമാക്കൽ.

ഓഗസ്റ്റ്

* ക്ലാസ് പിടിഎ കൂടൽ
* സംയുക്ത ഡയറി എടുത്ത് വിലയിരുത്തൽ -രക്ഷിതാക്കളുടെ അഭിപ്രായം
* മികച്ച ഡയറികൾ ക്ലാസിൽ പ്രദർശനം
* മികച്ച ഡയറികൾ ക്ലാസ് PTA കളിൽ അവതരിപ്പിക്കൽ.

സെപ്റ്റംബർ

* ഡയറിയെഴുത്ത് തുടരുന്നു.
* അസംബ്ലിയിൽ അവതരണം

നവംബർ

നൂറിന്റെ നിറവിൽ- സംയുക്ത ഡയറി നൂറുദിവസം പൂർത്തിയാക്കിയ കുട്ടികൾക്ക് അനുമോദനം.

ഡിസംബർ

* ഡയറിയെഴുത്ത് തുടരുന്നു.

ജനുവരി -ഫെബ്രുവരി

ഡയറി-

കുട്ടികളുടെ ഡയറികൾ മാഗസിൻ ആക്കി പ്രകാശനം ചെയ്യുന്നു.

## 5.പാട്ടരങ്ങ്

വൈവിധ്യമുള്ള പാട്ടുകൾ പരിചയപ്പെടുത്തുന്നതിനും അവ ചെറു സദസിനു മുൻപാകെ അവതരിപ്പിക്കുന്നതിനും കുട്ടികൾക്ക് അവസരം ഒരുക്കുക എന്നതാണ് പാട്ട് അരങ്ങിന്റെ പൊതു ലക്ഷ്യം.

## ഉപലക്ഷ്യങ്ങൾ

* സർഗാത്മക- സൗന്ദര്യാത്മക വികാസവും ഭാഷാ വികാസവും ലക്ഷ്യം വയ്ക്കുന്നു.
* ചെറു സദസ്സുകളിൽ കഥകൾ പാട്ടുകൾ കവിതകൾ അഭിനയ ഗാനങ്ങൾ എന്നിവ സംഘമായും ഒറ്റയ്ക്കായും അവതരിപ്പിക്കുന്നു.
* കൂട്ടായ്മ രൂപപ്പെടുത്തിയ മാനദണ്ഡങ്ങൾ പ്രകാരം ഭാവാത്മകമായി അവതരിപ്പിക്കുന്നു
* സന്ദർഭം ആവശ്യപ്പെടുന്ന തരത്തിൽ താളത്തോട് പൊരുത്തപ്പെടുന്ന വിധത്തിൽ വാക്കുകളും വരികളും കൂട്ടിച്ചേർക്കാൻ കഴിവ് നേടുന്നു
* വായ്ത്താരികൾ നാടൻ പാട്ടുകൾ എന്നിവ ഒറ്റയ്ക്കും സംഘമായി ആസ്വദിച്ച് ചൊല്ലാനും വായത്താരികൾക്കും താളത്തിനനുസരിച്ച് ചുവടുകൾ വയ്ക്കാനും ചലിക്കാനുള്ള കഴിവ് നേടുന്നു

## പ്രവർത്തന ഘട്ടങ്ങൾ

### ജൂൺ

* മുന്നൊരുക്ക പ്രവർത്തനങ്ങളോടനുബന്ധിച്ച് പാട്ടരങ്ങ് നടത്തുന്നു.

### ജൂലൈ

* നാട്ടറിങ്ങിൽ താളം പിടിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ സംഘടിപ്പിക്കുക.
* പാഠഭാഗവുമായി ബന്ധപ്പെട്ട അഭിനയ സാധ്യതയുള്ള പാട്ടുകൾ കണ്ടെത്തൽ

### ആഗസ്റ്റ്

* പരിചയപ്പെട്ട യൂണിറ്റിലെ താളാത്മക പാട്ടുകൾ ചൊല്ലാൻ അവസരം
* പാട്ടുകൾ താളത്തിൽ ചുവട് വെച്ച് അവതരിപ്പിക്കൽ
* ക്ലാസ് PTA യിൽ പാട്ടരങ്ങ് അവതരണം

### സെപ്റ്റംബർ

* പാട്ടു പൂക്കളം
* ഓണവുമായി ബന്ധപ്പെട്ട പാട്ടുകളുടെ അവതരണം

### ഒക്ടോബർ -നവംബർ

* വായ്ത്താരികൾ ഉൾപ്പെടുത്തിയ പാട്ടുകൾ ഉപകരണങ്ങളുടെ സഹായത്തോടെ പാടുന്നു.

* ക്ലാസിൽ ഗ്രൂപ്പുകളായി പാട്ടുങ്ങ് മത്സരം നടത്തുന്നു

<u>* ഡിസംബർ- ജനുവരി</u>

* ക്രിസ്തുമസ്- പുതുവർഷം പാട്ടുകൾ പാട്ടരങ്ങിൽ അവതരണം

## 6 റീഡേഴ്സ് തിയേറ്റർ

പാഠപുസ്തകത്തിനകത്തും പാഠപുസ്തകത്തിന് പുറത്തുമായ രചനകൾ ബാവാത്മകമായി വായിക്കുക എന്നതാണ് റീഡേഴ്സ് തിയർ കൊണ്ട് ലക്ഷ്യം വയ്ക്കുന്നത്.

## ഉപലക്ഷ്യങ്ങൾ

* ഭാവങ്ങൾ ഉൾക്കൊണ്ട് ശബ്ദ വ്യതിയാനത്തോടെ സദസ്സിനു മുൻപാകെ ഉച്ചത്തിൽ വായന നടത്തുന്നതിനുള്ള കഴിവ് വളർത്തുക.

* വായനയുടെ ആവിഷ്കാര സന്ദർഭം ഒരുക്കി വായനോട്ടും പുസ്തകങ്ങളോട്ടും താൽപര്യം കൂട്ടുന്നതിന്.

## പ്രവർത്തന ഘട്ടങ്ങൾ

### സെപ്റ്റംബർ -ഫെബ്രുവരി

* ഒന്നാം ക്ലാസിന്റെ സർജി
* കുട്ടികളെ ഗ്രൂപ്പായി തിരിക്കുന്നു
* ചിത്രങ്ങൾ നൽകി കഥ രൂപീകരിക്കുന്നു
* കഥ ക്ലാസ്സിൽ അവതരിപ്പിക്കുന്നു
* കഥാപാത്രങ്ങളെയും സംഭാഷണങ്ങളും കണ്ടെത്തുന്നു
* കുട്ടികൾ കഥാപാത്രങ്ങളെ തിരഞ്ഞെടുക്കുന്നു
* കഥാപാത്രം പറയേണ്ട സംഭാഷണം നിശ്ചയിക്കുന്നു

* അവതാരകനെ തീരുമാനിക്കൽ

* വായിക്കേണ്ട ക്രമം തീരുമാനിക്കാൻ

* അവതാരകൻ പറയേണ്ട കാര്യങ്ങൾ തീരുമാനിക്കൽ

* റിഹേഴ്സൽ ചെയ്യൽ

* വേദിയിൽ അവതരണം

* വിലയിരുത്തൽ

* CPTA യിൽ അവതരണം

## 7 .രചനോത്സവം

തുറന്ന പാഠങ്ങളും ചലനാത്മക ചിത്രങ്ങളും പ്രയോജനപ്പെടുത്തി കുട്ടികളുടെ ഭാവന ഉണർത്തി രചനയിലേക്ക് നയിക്കുക എന്നതാണ് രചനോത്സവത്തിന്റെ പൊതു ലക്ഷ്യം.

### ഉപലക്ഷ്യങ്ങൾ

* കുട്ടികളുടെ സർഗാത്മകശേഷി വികസിപ്പിക്കുന്നതിന്

* സ്വതന്ത്ര രചനയ്ക്ക് അവസരം ഒരുക്കുക

* രചനകൾ സമൂഹവുമായി പങ്കിടുക

### സെപ്റ്റംബർ

* സ്കൂൾതല SRG ക്ലാസ് തല SRG യും കൂടുന്നു

* രക്ഷിതാക്കളുടെ രചന ശില്പശാല( പതിപ്പ് നിർമ്മിക്കുന്നു )

* ക്ലാസിൽ ടീച്ചർ പറയുന്ന കഥയുടെ അവസാന ഭാഗം കുട്ടി പറയുകയോ ചിത്രം വരയ്ക്കുകയോ ചെയ്യുന്നു

* ആഴ്ചയിൽ ഒരിക്കൽ കുട്ടിക്ക് പരിചിതമായ ഒരു ചിത്രം ഗ്രൂപ്പിൽ നൽകുന്നു

* കുട്ടി പറയുന്ന കഥ അമ്മയുടെ സഹായത്തോടെ എഴുതുന്നു

* കുട്ടികളുടെ കഥാപതിപ്പ് തയ്യാറാക്കുന്

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# GLPS Chellur 2025-26

ഗണിതം

ഒന്നാം ക്ലാസ്സ്

## ആമുഖം

രസകരമായ ഗണിത പ്രവർത്തനങ്ങളിലൂടെ ഗണിത ആശയങ്ങൾ കുട്ടി നേടിയെടുക്കേണ്ടതുണ്ട്. നിത്യജീവിതവുമായി ബന്ധപ്പെട്ടതും ലളിതവും രസകരവുമായ പ്രവർത്തനങ്ങളിലൂടെയും ഗണിത പഠനം ആസ്വാദകരമാക്കാവു ന്നതാണ്. മൂർത്തമായ ആശയങ്ങൾ വൈവിധ്യങ്ങളായ പ്രവർത്തനങ്ങളിലൂടെ കുട്ടികൾക്ക് നൽകിക്കൊണ്ട് ഗണിത പഠനം ലളിതമാക്കാൻ ഉതകുന്ന പ്രവർത്തനങ്ങളാണ് അക്കാദമിക് മാസ്റ്റർപ്ലാനിൽ അവതരിപ്പിക്കുന്നത്.

## ലക്ഷ്യങ്ങൾ

. പ്രാർത്ഥന ഗണിതാശയങ്ങൾ (അടുത്ത്,അകലെ, വലുത്,ചെറുത്, ഉയരം ഉള്ളത്, ഉയരം കുറഞ്ഞത്, നീളമുള്ളത്,നീളം കുറഞ്ഞത്, ഇടത്ത്, വലത്ത്...... etc) തിരിച്ചറിയുന്നു.

. ഗണിത പഠനത്തിന് സഹായകമായ വസ്തുക്കൾ ശേഖരിച്ച് ഗണിത കിറ്റ് തയ്യാറാക്കൽ

. വസ്തുക്കളെ എണ്ണിയെടുക്കുന്നതിനും കൂട്ടങ്ങൾ ആക്കുന്നതിനും

. കൂട്ടങ്ങളെ പരസ്പരം പൊരുത്തപ്പെടുത്തി കൂടുതൽ കുറവ് കണ്ടെത്തുന്നു

.ഒന്നു മുതൽ 19 വരെയുള്ള സംഖ്യകളെ എണ്ണുന്നതിനും എഴുതുന്നതിനും വായിക്കുന്നതിനും സാധിക്കുന്നു

.സംഖ്യകളെ വലിപ്പത്തിനനുസരിച്ച് ക്രമീകരിക്കുന്നു.

. നാണയങ്ങളും നോട്ടുകളും തിരിച്ചറിയുന്നു മൂല്യം മനസ്സിലാക്കുന്നു.

. സംഖ്യ പാറ്റേണുകൾ പരിചയപ്പെടുന്നു(1,3,5.....2,4,6....5,10,15....10,20,30.....)

പ്രവർത്തനങ്ങൾ* മെയ് 28/ 5 /2026 ബുധൻ

ഗണിത സന്നദ്ധതാ പ്രവർത്തനങ്ങൾ- പഠനോപകരണ ശിൽപ്പശാല.

മഞ്ചാടി സഞ്ചി ഗണിത പഠനത്തിന് അനുയോജ്യമായ സാധനസാമഗ്രികൾ ശേഖരിക്കൽ.

## ജൂൺ

ഗണിത സന്നദ്ധതാ പ്രവർത്തനങ്ങൾ.

ചിത്രങ്ങൾ വസ്തുക്കൾ എന്നിവ ഉപയോഗപ്പെടുത്തി കൂടുതൽ, കുറവ് വലുത്, ചെറുത്, നീളംകൂടിയത്,നീളം കുറഞ്ഞത്, മുന്നിൽ, പിന്നിൽ എന്നിവ തിരിച്ചറിയുന്നു.

വർക്ക് ഷീറ്റ് പൂർത്തികരണം (ചിത്രം, താരതമ്യം, എണ്ണിത്തിട്ടപ്പെടുത്താൻ)

സംഖ്യാ ഗാനങ്ങൾ അവതരണം (ഒന്നു മുതൽ അഞ്ചുവരെ).

ക്ലാസ്സിൽ ഒരു ചോദ്യപ്പെട്ടി( കുസൃതി കുടുക്ക )

പ്രവർത്തന പുസ്തകം *കുഞ്ഞുപുസ്തകം ആരംഭം

## ജൂലൈ

വിരൽ ചിത്രങ്ങൾ

കുഞ്ഞുപുസ്തകം തുടർച്ച

മഞ്ചാടി സഞ്ചി നിറയ്ക്കൽ

സംഖ്യാ കടങ്കഥാ പയറ്റ്

സംഘമായി സംഖ്യാ ഗാനങ്ങൾ പാടൽ

സംഖ്യാ റിബൺ തയ്യാറാക്കൽ

സംഖ്യാ ചിത്രങ്ങൾ വരയ്ക്കൽ

സംഖ്യാ കാർഡ് നിർമ്മാണം

വർക്ക് ഷീറ്റുകൾ 0 മുതൽ 9 വരെയുള്ള സംഖ്യാബോധം ഉറപ്പിക്കാൻ ഉതകുന്നത്.

വർക്ക് പുസ്തകത്തിലെ പ്രവർത്തനങ്ങൾ

മഞ്ചാടി സഞ്ചിയിലെ വസ്തുക്കൾ ഉപയോഗിച്ച് നിശ്ചിത കൂട്ടങ്ങൾ ആക്കൽ

ക്ലാസിൽ ഒരു ചോദ്യ പെട്ടി -തുടർച്ച

## ആഗസ്റ്റ്, സെപ്റ്റംബർ

സംഖ്യകളെ ചെറുതിൽ നിന്ന് വലുതിലേക്ക് ക്രമീകരിക്കൽ

വലിയ സംഖ്യ ചെറിയ സംഖ്യ താരതമ്യം

10 മുതൽ 19 വരെയുള്ള സംഖ്യകൾ പരിചയപ്പെടൽ

ഇരുപതിൽ താഴെയുള്ള സംഖ്യകൾ എണ്ണാ നും എഴുതാനും

സംഖ്യാ കാടുകളുടെ നിർമ്മാണം

കുഞ്ഞുപുസ്തകം നിർമ്മാണം

വർക്ക് പുസ്തകത്തിലെ പ്രവർത്തനങ്ങൾ

വസ്തുക്കൾ എണ്ണിയെഴുതൽ

വസ്തുക്കൾ ഉപയോഗപ്പെടുത്തി ഒരക്ക സംഖ്യകളുടെ സങ്കലനം

ചിത്ര സഹായത്തോടെ പകുതി ഇരട്ടി എന്നീ ആശയങ്ങൾ പരിചയപ്പെടൽ

ക്ലാസിൽ ഒരു ചോദ്യപ്പെട്ടി തുടർച്ച

## ഒക്ടോബർ നവംബർ,

* സംഖ്യ പാറ്റേൺ പരിചയപ്പെടുത്തുന്നു
* സംഖ്യാ വ്യാഖ്യാനം 20 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കൽ

## * ഡിസംബർ, ജനുവരി

നാണയങ്ങളും നോട്ടുകളും ക്ലാസിൽ പരിചയപ്പെടുന്നു നാണയങ്ങളുടെയും നോട്ടുകളുടെയും പ്രദർശനം മൂല്യങ്ങൾ തിരിച്ചറിയൽ.

**Ten-frame** പരിചയപ്പെടുത്തുന്നു

# Academic master plan 2025

**Class 2**

**ഗണിതം**

--------------------------------------------

**ലക്ഷ്യം**

**ഗണിത ചിന്താശേഷി വളർത്തൽ**

**ജൂലൈ**

ജാമിതീയ രൂപങ്ങളുടെ നിർമ്മാണം.
കുട്ടികളുടെ പരിസരവുമായി ബന്ധപ്പെട്ട ജാമിതീയ രൂപങ്ങൾ പരിചയപ്പെടുത്തുന്നു

**ഓഗസ്റ്റ്**

മഞ്ചാടി സഞ്ചി/ ഗണിത ലാബ് ഒരുക്കൽ

**സെപ്റ്റംബർ**

സംഖ്യാകേളികൾ

അടിസ്ഥാന സംഖ്യാബോധം ഉറപ്പിക്കുന്നതിനുള്ള സംഖ്യ കേളികൾ

**ഒക്ടോബർ**

ഗണിത പഠനം രസകരമാക്കാൻ സംഖ്യാ ചിത്രങ്ങൾ നിർമ്മിക്കുന്നു. അവ ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കുന്നു

**നവംബർ**

പാഠഭാഗവുമായി ബന്ധപ്പെട്ട ലളിതമായ പഠനോപകരണ നിർമ്മാണം. പ്രദർശനം.

**ഡിസംബർ**

കുസൃതി കണക്കുകളും രസക്കൂട്ടുകളും (കുസൃതി ചോദ്യങ്ങൾ പരിചയപ്പെടുത്തുന്നു

**ജനുവരി**

ഗണിതവുമായി ബന്ധപ്പെട്ട വിവിധതരം കളികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു (ഏണിയും പാമ്പും, ഡയസ് കളി, കച്ചവടക്കളി)

**ഫെബ്രുവരി**

ഗണിത മാഗസിൻ

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025

## രണ്ടാം ക്ലാസ്

### ഭാഷ

-----------------------------------

ലക്ഷ്യം

♣ അടിസ്ഥാന ഭാഷാശേഷി വികസനം

♣ രണ്ടാം ക്ലാസ്സിലെ ഓരോ കുട്ടിയും സന്ദർഭത്തിന് അനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുക

♣ രണ്ടാം ക്ലാസിലെ ഓരോ കുട്ടിയുടെയും ആശയ ഗ്രഹണ വായന ഉറപ്പാക്കുക

♣ വർഷാവസാനം കുട്ടികൾ സ്വതന്ത്ര വ്യക്തിഗത രചനയിൽ ഏർപ്പെടുക

### ജൂലൈ

♣ ക്ലാസ്സ് ലൈബ്രറി ഒരുക്കൽ

♣ ലൈബ്രറി പുസ്തക പ്രദർശനം

♣ വായനക്കൂട്ടങ്ങൾ ആക്കൽ(കുഞ്ഞിവായന )

### ഓഗസ്റ്റ്

♣ കുട്ടിക്കൂട്ടം കഥകളും പാട്ടുകളും വരികൾ കൂട്ടിച്ചേർത്തു പാടാനും എഴുതാനും അവസരം ഒരുക്കൽ

### സെപ്റ്റംബർ

രചനോത്സവം

( ചിത്രത്തെ ആസ്പദമാക്കി കുട്ടികൾ കഥ/കവിത എഴുതുന്നു)

### ഒക്ടോബർ

കവി പരിചയം

ചിത്ര ഗാലറി

വീട്ടുവായന, കൂട്ടുവായന, അമ്മവായന
ചിത്രവായന

### നവംബർ

രചനാ ക്യാമ്പ് ( ബാലസാഹിത്യകാരന്മാരുടെ നേതൃത്വത്തിൽ)

### ഡിസംബർ

നാട്ടുവായന

പ്രാദേശിക എഴുത്തുകാരെ പരിചയപ്പെടുത്തൽ

**ജനുവരി**

കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം

**ഫെബ്രുവരി**

കുട്ടികളുടെ കഥാപുസ്തക പ്രകാശനം

( കുട്ടികളുടെ സ്വതന്ത്ര രചനകൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നു )

# Academic master plan 2025

**Class 2**

**English**

**-----------------------------------**

## Aim

- **To speak read and write English without any mistakes**
- **comprehensive reading**

## July

**Developing listening skills**
**Providing chances to experience English in classroom**
**( Action songs, language games and conversations )**

## August

**Setting English story books and reading cards in class library.**

## September

**Developing reading skills**
**making and reading of simple reading cards**
**Chain reading**
**Comprehensive reading**
**Supplying story books for extra reading**

## October

**Programmess for developing writing skills.**
**Picture description**
**Making Word Web**
**Word chain**
**Sentence chain**

## November

**Using ICT**
**Showing cartoons.**
**Picture dictionary**

## December

**English Assembly**

## January

**I am the reader**
**( Reading competetion)**

## February

**English Balasabha**

# അക്കാദമിക മാസ്റ്റർ പ്ലാൻ ( 2025 - 26 )
## ജി എൽ പി എസ് ചെല്ലൂർ

ആമുഖം

പരിസരത്തിലൂടെയുള്ള പരിസര പഠനം ലക്ഷ്യമിട്ട വിഭാവനം ചെയ്ത പ്രവർത്തനങ്ങളാണ് മൂന്നാം ക്ലാസിലെ പരിസര പഠനത്തിൽ ഒരുക്കിയിട്ടുള്ളത്. പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തേണ്ടത് നമ്മുടെ കടമയാണ്. സഹജീവിസ്നേഹം, അലിവ്,ആർദ്രത, സഹിഷ്ണുത, അനുകമ്പ, ദയ എന്നിങ്ങനെയുള്ള മനോഭാവങ്ങൾ വളർത്തി കുട്ടികളെ ഉത്തമ പൗരന്മാർ ആക്കി മാറ്റേണ്ടതുണ്ട്. വ്യക്തി ശുചിത്വവും പരിസര ശുചിത്വവും സ്വാംശീകരിക്കേണ്ടതുണ്ട്.

# പരിസര പഠനം

## ക്ലാസ്സ് 3

## പഠന ലക്ഷ്യങ്ങൾ

പരിസരത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുക

പ്രകൃതി സംരക്ഷണം

ശാസ്ത്രാവബോധം വളർത്തുക

ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കുക

വ്യക്തി ശുചിത്വം

## പ്രവർത്തന പദ്ധതികൾ

### ജൂൺ -ജൂലൈ

പ്രീ ടെസ്റ്റ്

പ്രകൃതി നടത്തം( പാഠം, വിദ്യാലയത്തിലെ ജൈവവൈവിധ്യ ഉദ്യാനം)

സസ്യങ്ങളെ തരംതിരിക്കൽ

ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞ് സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.

കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഒരു ഗ്രൂപ്പിനായി നൽകുന്നു.

### ആഗസ്റ്റ്- സെപ്റ്റംബർ

മണ്ണ്, ജലം,വായു എന്നിവ സംരക്ഷിക്കുന്നതിന് ആവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക

വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിത കർമ്മ സേനക്ക് കൈമാറൽ

പച്ചക്കറിത്തോട്ടം നിർമ്മാണം

ക്ലാസ് തലത്തിൽ ശുചിത്വ മത്സരം

വ്യക്തി ശുചിത്വം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു.

## ഒക്ടോബർ -ഡിസംബർ

ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു

പരീക്ഷണം വീട്ടിനകത്തും

കൈ കഴുകൽ പരിശീലനം

## ജനുവരി- മാർച്ച്

പോസ്റ്റർ നിർമ്മാണം

ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ.

ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം.

# അക്കാദമിക് മാസ്റ്റർ പ്ലാൻ(2025-26)

## ജിഎൽപിഎസ് ചെല്ലൂർ

ക്ലാസ്സ് 3

*ഗണിതം*

### *ആമുഖം*

ഗണിതാശയങ്ങളെ കളികളുമായും സർഗാത്മക പ്രവർത്തനങ്ങളുമായും കണ്ണി ചേർക്കാൻ സാധിച്ചാൽ ഗണിത പഠനം രസകരവും ആസ്വാദ്യകരവും ആകും. യുക്തിചിന്ത, വിശകലനാത്മക ചിന്ത, പ്രശ്നപരിഹരണം തുടങ്ങിയ വിശാലമായ പഠന ലക്ഷ്യങ്ങളിൽ ഊന്നിയാണ് ഗണിത പഠനം മൂന്നാം ക്ലാസിൽ അവതരിപ്പിക്കുന്നത്. പ്രായോഗിക പ്രശ്ന നിർധാരണത്തിനും സങ്കലനക്രിയകളിൽ ഏർപ്പെടാനും വസ്തുതകളെ സംഖ്യകൾ ഉപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതിനും അവസരം ഒരുക്കിയിട്ടുണ്ട്.

### *പഠന ലക്ഷ്യങ്ങൾ*

* ചതുരം,വൃത്തം, ത്രികോണം എന്നീ രൂപങ്ങളെ കുറിച്ചുള്ള ധാരണ നൽകുന്നു.
* 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു.
* എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക.
* നിത്യജീവിത സന്ദർഭങ്ങളിലെ മൂന്നക്ക സംഖ്യകളുടെ സങ്കലന വ്യവകലന ക്രിയകൾ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്യുക.
* നീളം അളക്കുന്നതിനുള്ള ഏകകങ്ങളായ സെന്റീമീറ്റർ,മീറ്റർ എന്നിവ പരിചയപ്പെടുത്തുന്നതിന് അവസരം ഒരുക്കുക.
* ഭാരം അളക്കുന്നതിനുള്ള അളവുകളെ പരിചയപ്പെടുത്തുക.
* 9 വരെയുള്ള ഗുണന വസ്തുതകൾ നേടൽ.
* ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷി നേടൽ

### പ്രവർത്തന പദ്ധതികൾ

## ജൂൺ -ജൂലൈ

* പ്രീ ടെസ്റ്റ്
* ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം,ത്രികോണം, വൃത്തം എന്നിവ നിർമ്മിക്കുന്നു.
* തോണി നിർമ്മാണം
* വെജിറ്റബിൾ പ്രിന്റിംഗ്
* പഠനോപകരണ ശില്പശാല

## ആഗസ്റ്റ് -സെപ്റ്റംബർ

* ഓരോ കുട്ടിക്കും ഗണിതപ്പെട്ടി.
* സംഖ്യാ പാറ്റേണുകൾ നിർമ്മിക്കൽ.
* നാണയങ്ങൾ, കളിനോട്ടുകൾ.
* വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ.

## ഒക്ടോബർ -നവംബർ

* പ്രായോഗിക പ്രശ്ന നിർദ്ധാരണം
* കളി നോട്ടുകൾ ഉപയോഗിച്ച് ക്ലാസ്സിൽ കട നിർമ്മാണം.

## ഡിസംബർ -ജനുവരി

* സ്കെയിൽ നിർമ്മാണം
* കുട്ടികളുടെ ഉയരം വണ്ണം തൂക്കം- പരിശോധന.

## ഫെബ്രുവരി -മാർച്ച്

* ഗുണന വസ്തുത കാർഡ് നിർമ്മാണം
* മനക്കണക്കുകൾ മഞ്ചാടിക്കളി
* ഗണിതകേളികളിൽ ഏർപ്പെടൽ

# ACADEMIC MASTER PLAN 2025-26

**CLASS 4**

## GLPS CHELLUR

ആമുഖം

ഓരോ കുട്ടിക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക എന്നതാണ് സമഗ്ര ഗുണമേന്മ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. കുട്ടിയുടെ ഭൗതികവും വൈജ്ഞാനികവും മാനസികവുമായ സമഗ്ര വികാസമാണ് പഠനത്തിലൂടെ നേടിയെടുക്കേണ്ടത്. ഈ വർഷം ജൂൺ മുതൽ അടുത്ത മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും വിവിധ സാധ്യതകളും ഉള്ള പദ്ധതികളാണ് ഇവിടെ ആസൂത്രണം ചെയ്യുന്നത്.

അതിന് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സഹായകമായിരിക്കും.

## മലയാളം

******

## പഠന ലക്ഷ്യങ്ങൾ

❀ അടിസ്ഥാന ഭാഷ ശേഷി വികസനം

അനുയോജ്യമായ ഭാവം, ഒഴുക്ക്, അർത്ഥം പ്രകടമാക്കുന്ന ഊന്നലുകൾ എന്നിവയോടെ വായനയ്ക്കുള്ള അവസരങ്ങൾ ഒരുക്കുക.

പാഠപുസ്തകങ്ങൾക്ക് പുറമേ മറ്റു വായന സാമഗ്രികൾ ലഭ്യമാക്കുക.

ലേഖനശേഷി പരിപോഷിപ്പിക്കുക

വിവിധ വ്യവഹാര രൂപങ്ങൾ തയ്യാറാക്കുന്നതിന്

സർഗാത്മക രചനകൾ പരിപോഷിപ്പിക്കുന്നതിന്

## പ്രവർത്തനങ്ങൾ

********

### ജൂൺ , ജൂലൈ

മുന്നൊരുക്ക പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ നിലവാരം തിരിച്ചറിയുന്നു.

പ്രീ ടെസ്റ്റ്

ക്ലാസ് ലൈബ്രറി ഒരുക്കൽ

വിവിധ വായന സാമഗ്രികൾ ലഭ്യമാക്കൽ

കവിതകൾ പരിചയപ്പെടൽ, താളാത്മകമായി അവതരിപ്പിക്കൽ

### ആഗസ്റ്റ്, സെപ്റ്റംബർ

റീഡേഴ്സ് തിയേറ്റർ

വായന മത്സരങ്ങൾ

ആനുകാലിക വായന

ഭാവാത്മക വായന

സർഗാത്മക ഡയറി

ഒക്ടോബർ , നവംബർ

വിവരണം കുറിപ്പ് തുടങ്ങിയ ചെറിയ രചനകൾ തയ്യാറാക്കുന്നു.

രചന പരിചയക്കുറിപ്പ് തയ്യാറാക്കുന്നു.

ഡിസംബർ , ജനുവരി

വിവിധ വ്യവഹാര രൂപങ്ങൾ തയ്യാറാക്കുന്നു( കത്ത്, നോട്ടീസ്, പത്രവാർത്ത, വിവരണം തുടങ്ങിയവ )

സർഗാത്മക രചനകളിൽ ഏർപ്പെടുന്നു.

ഫെബ്രുവരി , മാർച്ച്

* വിവിധ സർഗ്ഗശേഷികളുടെ പ്രദർശനം

**June, July**

* English Assembly
* English games
* Let's talk activities

**August, September**

* Guided imaginary
* Picture reading
* One day one word
* Readers theatre

**October, November**

* Reading competition
* Spell games
* Picture description

**December, January**

* Presentation of various discourses.

**February, March**

* English Fest
* Presentation of Creative Activities.

# ഗണിതം

## ജൂൺ /ജൂലൈ

കളിക്കാം ഗണിക്കാം

## ലക്ഷ്യം

ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ)

## പ്രവർത്തനം

വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ മൂല്യനിർണയം. (ഏണിയും പാമ്പും കളി ഡയസ് കളി )

സങ്കലനം വ്യവകലനം (കച്ചവടക്കളി)

ചുമതല

എസ് ആർ ജി, ക്ലാസ് ടീച്ചർ

## ഓഗസ്റ്റ് സെപ്റ്റംബർ

ഒറിഗാമിയിലൂടെ പഠിക്കാം

## ലക്ഷ്യം

ഗണിതശാസ്ത്ര പഠനം രസകരമാക്കൽ കര ചലനശേഷി വികാസം

## പ്രവർത്തനം

ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം

ചുമതല

ക്ലാസ് ടീച്ചർ

## ഒക്ടോബർ നവംബർ

ഗണിത ലാബ്

ലക്ഷ്യം

ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ

പ്രവർത്തനം

ഗണിത ലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ

ചുമതല

എച്ച് എം, എസ് ആർ ജി, ക്ലാസ് ടീച്ചർ

## ഡിസംബർ ജനുവരി

ഗണിത ചുമർ

ലക്ഷ്യം

ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ

പ്രവർത്തനം

ഗണിത ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ

ചുമതല

ക്ലാസ് ടീച്ചർ

## ഫെബ്രുവരി /മാർച്ച്

ഗണിത മേള

ലക്ഷ്യം

ഗണിതശേഷികളുടെ പ്രകടനം

പ്രവർത്തനം

പ്രശ്നോത്തരി, പാറ്റേൺ, പസിൽ, പഠനോപകരണങ്ങളുടെ പ്രദർശനം

ചുമതല

എസ് ആർ ജി

ക്ലാസ് ടീച്ചർ

# പരിസര പഠനം

**ജൂൺ ജൂലൈ**

പ്രകൃതി നടത്തം

**ലക്ഷ്യം**

നിരീക്ഷണം അറിവ് നിർമ്മാണം

**പ്രവർത്തനം**

പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ

ചുമതല

സി പി ടി എ, എച്ച് എം

**ഓഗസ്റ്റ് സെപ്റ്റംബർ**

ശാസ്ത്ര മൂല

**ലക്ഷ്യം**

ശാസ്ത്ര പഠനം രസകരവും ലളിതവും ആക്കൽ

**പ്രവർത്തനം**

ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ

ചുമതല

എസ് ആർ ജി

എച്ച് എം

ക്ലാസ് ടീച്ചർ

**ഒക്ടോബർ നവംബർ**

ഭൂപടം ഒരുക്കാം

ലക്ഷ്യം

കേരളം, ഇന്ത്യ ഭൂപട വായന സൂചിക പരിചയപ്പെടൽ

പ്രവർത്തനം

ഭൂപട വായന, ഭൂപട രചന,സൂചിക നിർമ്മാണം

ചുമതല

എസ് ആർ ജി, ക്ലാസ് ടീച്ചർ

ഡിസംബർ ജനുവരി

ശാസ്ത്ര വിസ്മയ ചുമർ

ലക്ഷ്യം

ശാസ്ത്ര പഠനം രസകരമാക്കാൻ

പ്രവർത്തനം

ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ

ചുമതല

ക്ലാസ് ടീച്ചർ എസ് എസ് ആർ ജി

ഫെബ്രുവരി മാർച്ച്

ശാസ്ത്രോത്സവം

ലക്ഷ്യം

ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം

പ്രവർത്തനം

ശാസ്ത്ര പതിപ്പ് ചാർട്ട് ആൽബം പഠനോപകരണങ്ങൾ പരീക്ഷണം ഇവയുടെ പ്രദർശനം

ചുമതല

എച്ച് എം

എസ് ആർ ജി

സി പി ടി എ

ക്ലാസ് ടീച്ചർ

ശാസ്ത്ര മാസിക

**<u>ലക്ഷ്യം</u>**

ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന

**<u>പ്രവർത്തനം</u>**

ശാസ്ത്ര മാസികകളുടെ നിർമ്മാണം

ചുമതല

എച്ച് എം

എസ് ആർ ജി

ക്ലാസ് ടീച്ചർ

ലക്ഷ്യങ്ങൾ :- 1. അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തു രീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്

2. ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന പദനിർമ്മാണം പദശേഖരണം

3. ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു പറയുന്നു

4. കഥ, കവിത എന്നിവ കേട്ട് ആസ്വദിക്കുന്നതിന്

5. മാഗസിൻ നിർമ്മാണം

6. ദിനാചരണങ്ങൾ പരിചയപ്പെടുന്നു

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ മുൻപിൽ പങ്കിടുന്ന രീതികൾ | നിർവ്വഹണ കാലയളവ് |
|---|---|---|---|---|---|
| 1. അക്ഷര വായന<br>• എഴുത്തുരീതി<br>• ചിഹ്നങ്ങൾ ചേർത്തു വായന | 1.അക്ഷരകാർഡുകൾ നൽകുന്നു<br>2.അക്ഷരങ്ങൾക്ക് നിറം നൽകാൻ<br>3.ഉച്ചാരണശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു<br>4.അക്ഷരങ്ങൾ outline നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു<br>5. ICTഉപയോഗിക്കുന്നു | 1.തെറ്റായരീതിയിൽ നൽകി കുട്ടി അക്ഷരങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്ന് പരീക്ഷിക്കുന്നു<br>2.രക്ഷിതാവിന്റെ സഹായത്താൽ കുട്ടിയെ പരിശീലിപ്പിക്കുന്നു<br>3. അക്ഷരപഠന സഹായി ഉപയോഗിക്കുന്നു<br>4. വീടുകളിൽ അക്ഷരച്ചാർട്ട് | 1.കുട്ടികൾ വായിക്കുന്നു ഉച്ചാരണശുദ്ധി ഉണ്ടാകുന്നു<br>2.ചിഹ്നങ്ങൾ തിരിച്ചറിയുന്നു | CPTA | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് |

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ മുൻപിൽ പങ്കിടുന്ന രീതികൾ | നിർവ്വഹണ കാലയളവ് |
|---|---|---|---|---|---|
| പദനിർമാണം പദശേഖരണം | 1.അക്ഷരക്കാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നു 2.പാഠപുസ്തകങ്ങൾക്ക് പുറമേ പുതിയ പദങ്ങൾ ശേഖരിക്കാൻ അവസരം നൽകാം 3. പദനിർമാണ മത്സരങ്ങൾ നടത്തുന്നു | രക്ഷിതാവിന്റെ സഹായത്തോടെ പരിശീലിപ്പിക്കുന്നു ഒഴിവ് വേളകളിൽ അധിക പ്രവർത്തനങ്ങൾ നൽകാം | | CPTA | ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ |
| ഉപചാര വാക്കുകൾ മനസിലാക്കുന്നു | പാഠപുസ്തകത്തിലെ ഉപചാര വാക്കുകൾ .......................................... നിത്യേന ക്ലാസ്സിൽ സന്ദർഭങ്ങൾക്ക് അനുസരിച്ച് ഉപയോഗിക്കുന്നു | വീടുകളിലും സന്ദർഭത്തിനനുസ-രിച്ച് പറഞ്ഞു ശീലിക്കാൻ | | CPTA | ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ നവംബർ |

| | | | | | |
|---|---|---|---|---|---|
| കവിത കേട്ട് ആസ്വദിക്കുന്നു<br><br>മാഗസിൻ നിർമ്മാണം | ചെറിയ കവിതകൾ കഥകൾ വായിച്ച് അവതരിപ്പിക്കുമ്പോൾ കഥാപാത്രങ്ങൾ ഉപചാരമാക്കുക പുതിയ പദങ്ങൾ എന്നിവ തിരിച്ചറിയുകയും വായിക്കാൻ പരിശീലിപ്പിക്കുകയും ചെയ്യുന്നു ചിത്രങ്ങൾ വരക്കാം | ചെറിയ കഥാകവിത ബുക്കുകൾ വീടുകളിൽ നൽകി രക്ഷിതാവിന്റെ സഹായത്തോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു<br><br>ക്ലാസിൽ പദങ്ങൾ കണ്ടെത്തി മത്സരം നടത്തുന്നു | ചിത്രങ്ങൾ അക്ഷരങ്ങൾ പദങ്ങൾ ഉപചാര വാക്കുകൾ കഥ കവിത ശേഖരിച്ചത് ഇവയെല്ലാം ഉൾപ്പെടുത്തി ഒരു മാഗസിൻ നിർമ്മാണം | CPTA | ഡിസംബർ - മാർച്ച് |
| ദിനാചരണങ്ങൾ പരിചയപ്പെടൽ | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറബിയിലുള്ള പ്ലക്കാർഡുൾ നിർമ്മിച്ച ചെറിയ വിവരങ്ങൾ നൽകുന്നു | രക്ഷിതാവിന്റെ സഹായത്തോടെ ചിത്രങ്ങൾ വരയ്ക്കുന്നതിനും സഹായം തേടുന്നു | | | ജൂൺ - മാർച്ച് |

# അക്കാദമിക് പ്ലാൻ– അറബിക്

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | **അറബിക് മധുരം:**<br><br>ലക്ഷ്യം: അറബിക് ഭാഷയിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ പരിപോഷിക്കുവാനുള്ള പ്രത്യേക പരിപാടി | **എഴുത്ത്, വായന:**<br><br>* ടെസ്റ്റ് നടത്തി പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br><br>* അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പെയിന്റിൽ അക്ഷരങ്ങൾ നല്കി കുട്ടികൾ നിറം നല്കുക<br><br>* ഓരോ കുട്ടികള്ക്കും ഓരോ ടാബ് വീതം നല്കി ഇൻസ്റ്റാൾ ചെയ്ത അക്ഷര ഗെയിമുകൾ നല്കുന്നു. അധ്യാപകന്റെ മേൽനോട്ടത്തിൽ കുട്ടികൾ ഗെയിമിലൂടേ ആസ്വധിച്ച് അക്ഷരങ്ങൾ പഠിക്കുന്നു<br>* പ്രത്യേകം തെയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് ''അറബിക് മധുരം'' ക്ലാസ് നല്കുക | 2 മാസം | പുസ്തകങ്ങൾ<br><br>കമ്പ്യൂട്ടർ<br><br>ടാബ് | ബി.ആർ.സി<br><br>ഡയറ്റ്<br><br>പൂർവ്വ വിദ്യാർത്ഥികൾ |

| | | | | | |
|---|---|---|---|---|---|
| 2 | **വായനാ ലോകം**<br><br>ലക്ഷ്യം:<br><br>* കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ<br><br>* നല്ല വായനക്കാരനാക്കുക | **1. തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരം (അറബിക് ലൈബ്രറി)**<br><br>പുസ്തകങ്ങൾ:<br><br>* ചിത്ര കഥ (അറബിക്)<br>* കഥ പുസ്തകം (അറബിക്)<br>* കുട്ടിക്കവിതകൾ (അറബിക്)<br>* ചെറിയ വിവരണ ബുക്കുകൾ (അറബിക്)<br>* അറബിക് ക്വിസ്<br><br>**2. ക്ലാസ്സ് വായന:**<br><br>ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ച് മിനുട്ടിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക<br><br>* വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക<br><br>* കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നല്കുക | 6 മാസം | സ്കൂൾ ലൈബ്രറി<br><br>ക്ലാസ്സ് ലൈബ്രറി<br><br>പുസ്തകങ്ങൾ | **സമാഹരണം:**<br><br>• അറബിക് അദ്ധ്യാപകർ<br>• റിട്ടയർ ചെയ്ത നാട്ടിലെ അറബി ഭാഷ അദ്ധ്യാപകർ<br>• ഭാഷാ സ്നേഹികൾ<br>• നാട്ടിലെ അറബി രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ<br>• ഓരോ കുട്ടി ഓരോ ബുക്ക് സംഭാവന ചെയ്യൽ<br>• സ്പോൺസർഷിപ്പിലൂടെ പണം സമാഹരിക്കൽ<br>• സർക്കാർ ഫണ്ട് |

| | | | | | |
|---|---|---|---|---|---|
| 3 | **ആസ്വാദന ലോകം** | **1. ആസ്വാദന സഭ:**<br>• പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രവിക്കാനും അവസരം സൃഷ്ടിക്കുവാൻ രണ്ടാഴ്ചയിലൊരിക്കൽ അസ്വാദന സഭ ചേരുക<br>• ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത സഭയിൽ അസ്വാദകരാവണം<br><br>**2. കാഴ്ചയും കേൾവിയും:** നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച അറബിക് കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും എൽ.സി.ഡി പ്രോജക്റ്ററിന്റെ സഹായത്തോടെ കാണാനുള്ള അവസരം ഒരുക്കൽ<br><br>**ഉദാഹരണം:** ഖുർആൻ കഥകൾ, ഗുണപാഠ കഥകൾ ആനിമേഷൻ വീഡിയോകൾ ധാർമിക കഥകൾ ഡോക്യുമെന്ററികൾ | 6 മാസം | സ്കൂൾ ഹാൾ<br><br>ലാംഗ്വേജ് ലാബ്<br><br>എൽ.സി.ഡി<br><br>കമ്പ്യൂട്ടർ | |

| | | | | | |
|---|---|---|---|---|---|
| 4 | **അനുഭവ ലോകം**<br><br>(അറബിക് ലാംഗ്വേജ് ലാബ്) | വിദേശ ഭാഷ പഠനം ഏറ്റവും സാധ്യമാവുക ഭാഷാന്തരീക്ഷം സൃഷ്ടിക്കുമ്പോഴാണ്, അതിനാൽ അറബി ഭാഷാ പഠനത്തിനു ലാംഗ്വേജ് ലാബ് ഉപയോഗപ്പെടുത്തുന്നു.<br><br>* തനതായ അറബി ഭാഷാ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കേൾക്കാനും കാണാനും സൗകര്യം ഉണ്ടാക്കുക.<br><br>* ഓരോരുത്തർക്കും (ഓരോ കമ്പ്യൂട്ടർ)/ എൽ.സി.ഡി. പ്രൊജക്റ്ററിന്റെ സഹായത്തോടെ പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട തെരഞ്ഞെടുത്ത വീഡിയോകൾ/ പാട്ടുകൾ/ കഥകൾ/ സംഭാഷണങ്ങൾ കാണാനും കേൾക്കാനും അനുഭവിക്കുവാനുമുള്ള അവസരം | 1 മാസം | എൽ.സി.ഡി<br><br>കമ്പ്യൂട്ടർ<br><br>ലാംഗ്വേജ് ലാബ് | |
| 5 | **പദപരിചയം**<br><br>ലക്ഷ്യം: അറബി പദ സമ്പത്ത് വർദ്ധിപ്പിക്കൽ | **ഒരു പദം പരിചയപ്പെടൽ:**<br><br>അറബിക് അധ്യാപകന്റെ മേൽനോട്ടത്തിൽ എല്ലാ ദിവസവും രാവിലെ | 1 വർഷം | മൈക്ക് | |

| | | | | | |
|---|---|---|---|---|---|
| | | പ്രാർത്ഥനക്കു ശേഷം മുതിർന്ന ക്ലാസ്സിലെ ഓരു വിദ്യാർത്ഥി ക്ലാസ്സ് നമ്പർ അനുസരിച്ച് ഒരു അറബി പദം മൈക്കിലൂടെ അറബിയിൽ പരിചയപ്പെടുത്തുന്നു.<br><br>ക്ലാസ്സ് ലീഡർമാർ ആ പദം ബോർഡിൽ എഴുതുന്നു.<br><br>പ്രസ്തുത പദം അറബിക് നോട്ടിസ് ബോർഡിൽ പതിക്കുക..<br><br>എല്ലാ വിദ്യാർത്ഥികളും എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ ചെറിയ രൂപത്തിൽ വിലയിരുത്തൽ നടത്തുന്നു.<br><br>മികച്ചു നില്ക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നല്കി പ്രോത്സാഹനം നല്കുന്നു | | | |
| 6 | **അറബിക് അസംബ്ലി** | ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക | 1 വർഷം | | |

| | | | | | |
|---|---|---|---|---|---|
| | | നിശ്ചയിച്ചതനുസരിച്ച് ഓരോ ദിനങ്ങൾക്കുമുള്ള പോസ്റ്ററുകൾ നിർമ്മിക്കുന്നു (ഗ്രൂപ്പ് പ്രവർത്തനം) | | | |